പഞ്ചായത്തുകളിൽ നടപ്പാക്കുന്ന സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതികൾ

8 (156) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി കേരളത്തിൽ എത്ര പഞ്ചായത്തുകളിലാണ് നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) 2000-2001 വർഷത്തിൽ വീടില്ലാത്ത പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്ക് പൂർണ്ണമായി വീട് വച്ചുകൊടുക്കാൻ എന്തൊക്കെ പരിപാടികളാണ് സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) വീട് വയ്ക്കാൻ സ്ഥലമില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വീട് വയ്ക്കാൻ സ്ഥലം വാങ്ങാനും വീട് വയ്ക്കാനുമുള്ള പദ്ധതിപ്രകാരം എത്ര പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സുവർണ്ണ ജൂബിലി-മൈത്രി സമ്പൂർണ്ണ ഭവന പദ്ധതി 1998-1999-ൽ തെരഞ്ഞെടുത്ത 17 പഞ്ചായത്തുകളിലും 1999-2000-ൽ 140 പഞ്ചായത്തുകളിലും നടപ്പിലാക്കി വരുന്നു.

(ബി) ഭവന രഹിതരായ മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും വീട് നിർമ്മിച്ചു നൽകുന്നതിനായി സുവർണ്ണ ജൂബിലി മൈത്രി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി എന്ന പേരിൽ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ സഹകരണത്തോടുകൂടി ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. ഇതിനായി 3317 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഇതുകൂടാതെ വീട് വയ്ക്കാൻ സ്ഥലമില്ലാത്തവർക്ക് സ്ഥലം വാങ്ങുന്നതിന് സഹായം നൽകാനായി 10 കോടി രൂപയും മാറ്റി വച്ചിട്ടുണ്ട്.

(സി) 1999-2000-വർഷത്തിൽ 2207 പട്ടികജാതി കുടുംബങ്ങൾക്കും 375 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ആനുകൂല്യം നൽകിയിട്ടുണ്ട്.

(ഡി) പട്ടികജാതിക്കാർക്കുവേണ്ടി 1124.25 ലക്ഷം രൂപയും പട്ടിക വർഗ്ഗക്കാർക്കുവേണ്ടി 170 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹോസ്റ്റലുകളുടെ ശോച്യാവസ്ഥ

9 (157) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly